ഉത്തരം

(എ) ഓമാനൂർ പി. എച്ച്. സി. സി. എച്ച്. സി. ആയി ഉയർത്തിയിട്ടില്ല.

(ബി) ഉണ്ട്. ഒരു അസിസ്റ്റന്റ് സർജന്റെ ഒഴിവുണ്ട്.

(സി) ഒഴിവുള്ള ഡോക്ടറുടെ തസ്തികയിൽ ഇപ്പോൾ അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരാൾ ജോലി നോക്കുന്നുണ്ട്. പി. എസ്. സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് സ്ഥിരനിയമനം നടത്തി ഡോക്ടറുടെ ഒഴിവു നികത്തുന്നതാണ്.

ജോലിക്ക് ഹാജരാകാത്ത ആംബുലൻസ് ഡ്രൈവർമാർക്കെതിരെ നടപടി

129 [3828] *ശ്രീ. ഇസ്ഹാക് കുരിക്കൾ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ ആംബുലൻസുകളിലെ ഡ്രൈവർമാർ ജോലിക്ക് ഹാജരാകാത്തതുമൂലം രോഗികൾ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ;

(സി) ജോലിക്ക് ഹാജരാകാത്ത ഡ്രൈവർമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) & (ഡി) ബാധകമല്ല.

കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസന പ്രവർത്തനം

130 [3829] *ശ്രീ. എ. സുജനപാൽ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ എന്തെല്ലാം വികസന പ്രവർത്തികളാണ് ഇപ്പോൾ നടന്നുവരുന്നത്; ഓരോ പ്രവർത്തിക്കും എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly